**കേരള സർക്കാർ**

സംഗ്രഹം

സ്പെഷ്യൽ തഹസിൽദാർ എൽ.എ. (പവർഗ്രിഡ്) കോട്ടയത്തിന്റെ പേരിൽ കോട്ടയം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **286/2018/ധന.** തിരുവനന്തപുരം, തീയതി **11.01.2018**

---

പരാമർശം - ലാന്റ് റവന്യൂ കമ്മീഷണറുടെ 03.01.2018 ലെ എഫ്.ബി. എ 1-55814/2017 നമ്പരായുള്ള കത്ത്

**<u>ഉത്തരവ്</u>**

ഇടമൺ - കൊച്ചി 400 കെ.വി. വൈദ്യുതി ട്രാൻസ്മിഷൻ ലൈൻ നിർമ്മാണത്തിനായി സ്ഥലമുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുക കൈകാര്യം ചെയ്യുന്നതിനായി പുതുതായി തുടങ്ങിയിട്ടുള്ള സ്പെഷ്യൽ തഹസിൽദാർ എൽ.എ. പവർ ഗ്രിഡ് കോട്ടയത്തിന്റെ പേരിൽ കോട്ടയം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിയ്ക്കുന്നതിന് അനുമതി നൽകണമെന്ന് കോട്ടയം ജില്ലാ കളക്ടർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, സ്പെഷ്യൽ തഹസിൽദാർ എൽ.എ. (പവർഗ്രിഡ്) കോട്ടയത്തിന്റെ പേരിൽ കോട്ടയം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, മ്യൂസിയം ജംഗ്ഷൻ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം - 33.
ജില്ലാ ട്രഷറി ഓഫീസർ, കോട്ടയം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ